# ആര് ? ആരെ ? ആർക്കു വേണ്ടി ?



(ജോസഫ് കുര്യൻ, ലുധിയാന)

അസന്മാർഗ്ഗിക പ്രവർത്തനങ്ങൾക്ക് പാസ്റ്റർ അറസ്റ്റിൽ - സാധാരണയായി ദിനപ്പത്രങ്ങളിൽ വരാറുള്ള ഒരു വാർത്തയാണിത്. പോരാത്തതിന് അയൽവാസിയുമായി കലഹം, മക്കളെ വെട്ടി കൊലപ്പെടുത്തി, പരസ്ത്രീയുമായി ഒളിച്ചോടി തുടങ്ങിയ വാർത്തകളിലെ എല്ലാം നായകന്മാർ പാസ്റ്റർമാരാണ്! ഇത്തരം വാർത്തകൾ വായിക്കുമ്പോൾ നമ്മുടെ മനസ്സിൽ ആദ്യം ഉയർന്ന് വരുന്ന ചോദ്യം ഇതാണ്. നമ്മുടെ പാസ്റ്റർമാർക്ക് എന്ത് പറ്റി ?

നമ്മുടെ സമൂഹവും വാർത്താ മാധ്യമങ്ങളും പാസ്റ്റർമാർ ആരെന്ന് തെറ്റായി മനസ്സിലാക്കിയാൽ അവരെയല്ല കുറ്റപ്പെടുത്തേണ്ടത്. കുറ്റക്കാർ നാം തന്നെയാണ്. ആരെയാണ് ഒരു പാസ്റ്റർ എന്ന് വിളിക്കേണ്ടതെന്ന്, കരുതേണ്ടതെന്ന് നമുക്ക് വല്ല നിശ്ചയവും ഉണ്ടോ ? (ബൈബിൾ കോളജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പോലും പരസ്പരം പാസ്റ്റർ എന്ന് വിളിക്കുന്നത് കേട്ടിട്ടുണ്ട്). ഇത്രയും തെറ്റിദ്ധരിക്കപ്പെട്ട ഒരു പദം ക്രൈസ്തവ സമൂഹത്തിൽ വേറെ അധികം ഉണ്ടാവില്ല.

ഒന്നാമത്തെ വാർത്ത ഉയർത്തുന്ന ചോദ്യം ഇതാണ് - പാസ്റ്റർമാർ പാപം ചെയ്യുമോ ? അവർക്ക് (വിശുദ്ധ ജീവിതം നയിക്കുമ്പോൾ) അനാശാസ്യ പ്രവർത്തനങ്ങളിലും മറ്റ് പാപസംബന്ധമായ പ്രവൃത്തികളിലും ഏർപ്പെടാൻ സാധിക്കുമോ ? ദൈവവചനത്തിന്റെ ശുശ്രൂഷകന്മാർ അത്തരം ഹീന കൃത്യങ്ങളിൽ ഏർപ്പെടുമോ? *ദൈവത്തിൽ നിന്ന് ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല ... ദൈവത്തിൽ നിന്ന് ജനിച്ചതിനാൽ അവന് പാപം ചെയ്യാൻ കഴികയുമില്ല* (1 യോഹ.3:9). അപ്പോൾ ഒന്നുകിൽ ആൾ വ്യാജനാണ്, ദൈവസഭ ദൈവവചന പ്രകാരം അംഗീകരിച്ചിട്ടില്ലാത്ത സ്വന്ത ഇഷ്ട പ്രകാരം ശുശ്രൂഷ ചെയ്ത് നടക്കുന്ന സഞ്ചാരപ്രിയൻ. ഭക്തിയുടെ വേഷം ധരിച്ച് ഭോഗപ്രിയരായി നടക്കുന്ന അത്തരം ആളുകളെ വിട്ടൊഴിയാൻ പൗലൊസ് അപ്പോസ്തലൻ ഉപദേശിക്കുന്നു (1 തിമ.3:4). അല്ലായെങ്കിൽ വേണ്ടും വണ്ണം പരിശീലനം നൽകാതെയും യോഗ്യതകൾ ഉറപ്പ് വരുത്താതെയും ശുശ്രൂഷക്കായി അയക്കപ്പെട്ടവർ. സാന്ദർഭികമായി ചോദിക്കട്ടെ, വ്യാജ പുരോഹിതന്മാരെയും ബിഷപ്പുമാരെയും എന്നെങ്കിലും നാം കണ്ടിട്ടുണ്ടോ ? പക്ഷേ, പെന്തക്കൊസ്ത് സഭകളിൽ ആർക്ക് വേണമെങ്കിലും പാസ്റ്ററായി സ്വയം അവരോധിക്കാം എന്നത് മറ്റൊരു കാര്യം.

മേൽപ്പറഞ്ഞ വിഷയങ്ങൾ നമുക്ക് ദൈവവചനപ്രകാരം ചിന്തിക്കാം. *ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും* (റോമ.10:15) ? അപ്പോൾ അങ്ങനെ ഒരു കാര്യമുണ്ട്. ആരെങ്കിലും അയക്കണം. അല്ലാതെ ഒരു പ്രസംഗമോ, സുവിശേഷ പ്രവർത്തനമോ, ശുശ്രൂഷയോ ഒന്നും ദൈവവചനം അനുവദിക്കുന്നില്ലേ? ആരാണ് അയക്കേണ്ടത് ? അതാണ് ഈ ലേഖനത്തിലെ ആദ്യ വിഷയം. ആരെയാണ് അയക്കേണ്ടതെന്ന് രണ്ടാമത്തെ ചോദ്യം. അവർക്കുള്ള യോഗ്യത എന്തെല്ലാം ? ആർക്ക് വേണ്ടി (എന്തിന് വേണ്ടി) എന്നത് മൂന്നാമത്തെ ചോദ്യം. *ആര് നമുക്ക് വേണ്ടി പോകും* (യെശ.6:8)? ലളിതമായി പറഞ്ഞാൽ ഈ മൂന്ന് ചോദ്യങ്ങൾക്ക് മതിയായ ഉത്തരം കണ്ടെത്തിയാൽ നമ്മുടെ സഭകൾ രക്ഷപെടും, നമ്മുടെ സമൂഹം രക്ഷപെടും. ആത്യന്തികമായി നമ്മുടെ ലോകവും.

## ആരാണ് അയക്കേണ്ടത് ?

ആരാണ് പുതിയ പ്രവർത്തന സ്ഥലങ്ങളിലേക്ക് മിഷനറിമാരെ അയക്കേണ്ടത് ? അവർ എവിടെ നിന്നും വരുന്നു ? സ്വാഭാവികമായും ദൗത്യം സഭയുടേത് ആയത് കൊണ്ട് സഭയാണ് അയക്കേണ്ടത്. പുതിയ മിഷനറിമാരെ കണ്ടെത്തേണ്ടതും സഭയ്ക്കുള്ളിൽ നിന്ന് തന്നെ. അന്ത്യോക്യയിൽ യവനർ ദൈവവചനം സ്വീകരിച്ചപ്പോൾ അവരെ ഉപദേശിക്കുവാനും ഉറപ്പിക്കുവാനും യെരുശലേം സഭ മിഷനറിയായി അയച്ചത് അവരുടെ തന്നെ സഭയിലെ ബർന്നബാസിനെ ആയിരുന്നു. പിന്നീട് പരിശുദ്ധാത്മാവ് വിളിച്ച് വേർതിരിച്ച വേലക്കായി മറ്റൊരു പ്രാദേശിക സഭയായ അന്ത്യോക്യാ സഭയും ഉപവസിച്ച്, പ്രാർത്ഥിച്ച് അയച്ചത് തങ്ങളുടെ തന്നെ സഭയിലെ ബർന്നബാസിനെയും ശൗലിനെയും ആയിരുന്നു.

കുറെ വർഷങ്ങൾക്ക് മുമ്പ് കേരളത്തിലെ ഒരു ബൈബിൾ കോളജ്, മിഷനറിമാരെ പരിശീലിപ്പിച്ച് വടക്കെ ഇന്ത്യയിലേക്ക് അയച്ച സംഭവം ഓർമ്മ വരുന്നു. ബൈബിൾ കോളജിനെ ആരാണ് ഈ ഉത്തരവാദിത്വം ഏല്പിച്ചതെന്ന് ചോദിച്ചാൽ ഒരു സത്യം തുറന്ന് പറയേണ്ടി വരും. ദൈവസഭ അതിന്റെ ഉത്തരവാദിത്വങ്ങൾ അവഗണിച്ചപ്പോൾ നേതൃത്വ പരിശീലനത്തിനായി ബൈബിൾ സെമിനാരിയും ദൗത്യ നിർവ്വഹണത്തിനായി മിഷൻ സംഘടനകളും നിലവിൽ വന്നു. സെമിനാരികളുടെയും മിഷൻ സംഘടനകളുടെയും സേവനങ്ങളെ ലഘൂകരിച്ച് കാണുകയല്ല. മറിച്ച് അവ നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ അംഗീകരിച്ചു കൊണ്ട് തന്നെ പറയട്ടെ, അവ തീർച്ചയായും ദൈവസഭകളുടെ ലക്ഷ്യപ്രാപ്തിക്കായി തന്നെ നില കൊള്ളണം .പാരാ-ചർച്ച് എന്ന പദത്തിന്റെ അർത്ഥം തന്നെ സഭയോട് ചേർന്ന് നിൽക്കുന്നത് എന്നാണ്. അപ്പോൾ സെമിനാരിയും മിഷൻ പ്രസ്ഥാനങ്ങളും സഭയോട് ചേർന്ന് സഭയ്ക്ക് വേണ്ടി പ്രവർത്തിക്കണം എന്ന് അർത്ഥം.

പുതിയ മിഷനറിമാരെ കണ്ടെത്താൻ സ്വാഭാവികമായും ബൈബിൾ കോളജുകളെയും സഭകളെയും സമീപിച്ചു. പുതിയ സഭാസ്ഥാപനത്തിൽ പലരും തല്പരല്ല. പലർക്കും നിലവിലുള്ള സഭകളുടെ പാസ്റ്ററാവാനാണ് താല്പര്യം.

ദൈവസഭകൾ സ്ഥാപിതമായത് എന്ത് ഉദ്ദേശത്തിന് വേണ്ടിയാണെന്ന് നാം വീണ്ടും തിരിച്ചറിയേണ്ടിയിരിക്കുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്റെ സ്വർഗ്ഗാരോഹണത്തിന് മുമ്പായി ശിഷ്യന്മാർക്ക് നൽകിയ മഹാനിയോഗം സകല ജാതികളെയും ശിഷ്യരാക്കുവാൻ (വെറും വിശ്വാസി അല്ല) വേണ്ടിയുള്ളതായിരുന്നു. ശിഷ്യന്മാർ അത് എങ്ങനെ നിർവ്വഹിച്ചു? പെന്തക്കോസ്ത് നാളിൽ പരിശുദ്ധാത്മാവ് അവർക്ക് ക്രിസ്തുവിന്റെ സാക്ഷികളാകുവാൻ ശക്തി പകർന്നു. ക്രിസ്തുവിന്റെ ശിഷ്യരാക്കുവാനുള്ള പ്രക്രിയയിൽ അവർ വിശ്വസിച്ചവരെ അപ്പോസ്തലിക ഉപദേശം നൽകാനും കൂട്ടായ്മയ്ക്കും അപ്പം നുറുക്കാനും പ്രാർത്ഥനയ്ക്കുമായി കൂട്ടിച്ചേർത്തപ്പോൾ അത് പിന്നീട് സഭയായി രൂപം കൊണ്ടു. അപ്പോൾ ശിഷ്യത്വത്തിനായി രൂപം കൊണ്ട സംവിധാനമാണ്, സഭ. ലളിതമായി പറഞ്ഞാൽ സഭയുടെ മുഖ്യ ലക്ഷ്യം ശിഷ്യന്മാരെ പരിശീലിപ്പിക്കൽ (*ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട്*- മത്തായി 28:20) ആണ്. ആ ശിഷ്യന്മാരെയാണ് പിന്നീട് മഹാനിയോഗ പൂർത്തീകരണത്തിനായി (മിഷൻ) സഭ പിന്നീട് പുതിയ സ്ഥലങ്ങളിലേക്ക് അയക്കുന്നത്. ഇന്ന് സഭയുടെ ആ ഉത്തരവാദിത്വം നാം മറ്റ് പല പാരാ-ചർച്ച് പ്രസ്ഥാനങ്ങൾക്കും നൽകിയിരിക്കുകയാണ്.

സഭയെപ്പറ്റിയുള്ള ദൈവത്തിന്റെ ഉദ്ദേശം പൗലോസ് അപ്പോസ്തലൻ വ്യക്തമാക്കുന്നുണ്ട്. ദൈവിക പദ്ധതികളുടെ കേന്ദ്രമാണ് സഭ. കാലസമ്പൂർണ്ണതയിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളത് എല്ലാം ഒന്നായി ചേർക്കുന്നത് സഭ എന്ന

ശരീരത്തിന്റെ ശിരസ്സായിരിക്കുന്ന ക്രിസ്തുവിലൂടെയാണ്. (എഫേ.1:10). അപ്പോൾ ശരീരമാകുന്ന സഭയാണ് ഭൂമിയിൽ നിത്യതയ്ക്ക് വേണ്ടിയുള്ള ആ പ്രവൃത്തി ചെയ്യുവാൻ ഉത്തരവാദപ്പെട്ടിരിക്കുന്നത്. അത് പോലെ ക്രിസ്തുവിലൂടെ പൂർത്തീകരിച്ച തന്റെ പ്രവൃത്തിയുടെ നിത്യമായ ഉദ്ദേശം എന്തെന്ന് സഭ മുഖാന്തരമാണ് ദൈവം വെളിപ്പെടുത്തിയിരിക്കുന്നത്(എഫേ.3:11). ഇത്തരം ഒരു മഹത്തായ ദൗത്യമാണ് സുവിശേഷീകരണത്തിലൂടെയും മിഷൻ പ്രവർത്തനങ്ങളിലൂടെയും പൂർത്തീകരിക്കപ്പെടേണ്ടത്.

ആയതിനാൽ ഒരു സഭയുടെ പശ്ചാത്തലത്തിൽ അല്ലാതെ, സഭ അയയ്ക്കാതെയുള്ള യാതൊരു വിധ പ്രേഷിത വൃത്തിയും ന്യായീകരിക്കാൻ നമുക്ക് എന്ത് കാരണമാണുള്ളത് ? ഏതെങ്കിലും സഭയുമായി ബന്ധമോ വിധേയത്വമോ ഇല്ലാതെയുള്ള ശുശ്രൂഷകൾ ദൈവസഭയ്ക്കും ദൈവനാമത്തിനും ദോഷകരമായി തീർന്നാൽ അതിൽ അതിശയിക്കാൻ ഒന്നുമില്ല.

## ആരെയാണ് അയക്കേണ്ടത് ?

പുതിയ മിഷനറിമാരെ കണ്ടെത്താനുള്ള മാർഗ്ഗം നമുക്കെല്ലാം നന്നായി അറിയാം. ഏതെങ്കിലും ബൈബിൾ കോളജിലോ ഉണർവ്വ് യോഗത്തിലോ പോയി മിഷൻ ചലഞ്ച് നടത്തുക. പറ്റുമെങ്കിൽ യെശയ്യാവ് 6-ലെ *ഞാൻ ആരെ അയക്കേണ്ടു, ആർ നമുക്ക് വേണ്ടി പോകും* ? എന്നുള്ള വാക്യത്തിന്റെ അടിസ്ഥാനത്തിൽ ആഹ്വാനം നൽകുക. *അടിയൻ ഇതാ, അടിയനെ അയക്കേണമേ-* എന്നുള്ള സമർപ്പണവുമായി പലരും മുമ്പോട്ട് വരും. തുടർന്ന് അവർക്ക്, ആവശ്യമെങ്കിൽ പരിശീലനം നൽകി മിഷൻ രംഗത്തേക്ക് പറഞ്ഞയക്കുക. ഇതാണ് നമ്മുടെ രീതി. ഒരു പക്ഷേ നിങ്ങൾ ചോദിച്ചേക്കും, ഇതിലെ അപാകത എന്താണ് ?

സ്വമേധയാ സമർപ്പണത്തോടെ മുന്നോട്ട് വരുന്നത് നല്ലത് തന്നെ. പക്ഷേ അത് മാത്രം പോരാ എന്നാണ് പറഞ്ഞു വരുന്നത്. യെശയ്യാവ് സ്വമേധയാ മുന്നോട്ട് വന്നപ്പോൾ കർത്താവ് അയച്ചില്ലേ ? യെശയ്യാവിനെ അയച്ചത് തന്റെ തന്നെ ജനങ്ങളുടെ അടുത്തേക്കാണ്. ഒരു മിഷനറി കടന്നു പോകുന്നത് മറ്റുള്ളവരുടെ അടുത്തേക്കും. മഹാനിയോഗം പൂർത്തീകരിക്കുവാൻ വേണ്ടിയുള്ള മിഷൻ മാതൃകയും അതിന് മുമ്പുള്ളതും തമ്മിൽ താരതമ്യം ചെയ്യുന്നതിലെ അപാകത എന്തെന്ന് ആലോചിക്കുക. യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുത്തേക്ക് മാത്രം യേശു ശിഷ്യന്മാരെ അയച്ചത് മഹാനിയോഗ പൂർത്തീകരണമായിരുന്നില്ല.

പുതിയ നിയമ സഭ മിഷന് വേണ്ടി ആരെയാണ് അയച്ചതെന്നും അവരുടെ തിരഞ്ഞെടുപ്പ് എങ്ങനെയെന്നും നോക്കാം. ഫിലിപ്പോസിനെയും സ്തെഫാനോസിനെയും അപ്പോസ്തലന്മാരല്ല, അവരുടെ യോഗ്യത (ആത്മാവും ജ്ഞാനവും നല്ല സാക്ഷ്യവും) പരിഗണിച്ച് സഭയായിരുന്നു തിരഞ്ഞെടുത്തത്. കുപ്രോസ് ദ്വീപുകാരനായ യോസഫിനെ (ബർന്നബാസ്) യെരുശലേം സഭ അന്ത്യോക്ക്യയിലേക്ക് അയച്ചത് തന്റെ യോഗ്യതയും (പ്രബോധനം) നല്ല സാക്ഷ്യവും (നിലം വിറ്റ് സഭക്ക് പണം നൽകി) പരിഗണിച്ചായിരുന്നു. പിന്നീട് മിഷനറി യാത്രയ്ക്കായി ബർന്നബാസും ശൗലും സ്വമേധയാ തിരിച്ചതല്ല, പരിശുദ്ധാത്മാവ് വിളിച്ച് വേർ തിരിച്ച അവരെ യോഗ്യതയും (ഉപദേശിക്കുക) സാക്ഷ്യവും (ഒരു സംവത്സരം മുഴുവൻ സഭാ യോഗങ്ങളിൽ കൂടുക) പരിഗണിച്ച് സഭയാണ് പറഞ്ഞയച്ചത്. പൗലൊസ് തിമൊഥെയോസിനെ തിരഞ്ഞെടുത്തപ്പോൾ അയാൾ സഹോദരന്മാരാൽ നല്ല സാക്ഷ്യം ഉള്ളവനായിരുന്നു. ഈ തിരഞ്ഞെടുപ്പുകളിലെ മുഖ്യ ഘടകം യോഗ്യതയും സഭയിലെ (ഒപ്പം കുടുംബത്തിലെയും) നല്ല സാക്ഷ്യവും ആണെന്ന് മനസ്സിലായല്ലോ.

പിന്നീട് ശുശ്രൂഷകന്മാരുടെ യോഗ്യതയെപ്പറ്റി പൗലൊസ് ദീർഘമായി പ്രതിപാദിക്കുമ്പോൾ അവർ നന്നായി കുടുംബം ഭരിക്കുന്നവർ, ദ്രവ്യാഗ്രഹമില്ലാത്തവർ, ഉപദേശിപ്പാൻ സമർത്ഥർ, നല്ല സാക്ഷ്യം പ്രാപിച്ചവർ തുടങ്ങിയ ഘടകങ്ങൾ ഊന്നി പറയുന്നുണ്ട്. ഇതിൽ നിന്നെല്ലാം മനസ്സിലാവുന്നത് കേവലം സമർപ്പണവും താൽപ്പര്യവും മാത്രം പോരാ, യോഗ്യതയും നല്ല സാക്ഷ്യവും മിഷനറിമാരുടെ തിരഞ്ഞെടുപ്പിൽ അനിവാര്യമാണെന്നാണ്. പ്രാദേശിക സഭയ്ക്ക് ഉത്തമ ബോധ്യമുള്ള, സഭയോട് വിധേയത്വമുള്ളവരാകണം പുതിയ മിഷനറിമാർ. അയയ്ക്കുന്നത് സഭയാകുമ്പോൾ മിഷനറി പ്രവർത്തനങ്ങൾ സഭയ്ക്ക് വേണ്ടിയാകും. ഇവയെല്ലാം ഏകോപിപ്പിക്കുന്ന ചാലക ശക്തിയാകണം മിഷനറി പ്രസ്ഥാനങ്ങൾ.

## ആർക്ക് വേണ്ടിയാണ് പോകേണ്ടത് ?

*ആർ നമുക്ക് വേണ്ടി പോകും* (യെശ.6:8)? കർത്താവിന് വേണ്ടിയാണ് പോകേണ്ടത് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. പക്ഷേ പോകുന്നത് തനിക്ക് വേണ്ടിയോ, അതോ കർത്താവിന് വേണ്ടിയോ ? കർത്താവിനെ അനുഗമിക്കുന്നവരും കർത്താവിന് വേണ്ടി പോകുന്നവരും എല്ലാം ഉപേക്ഷിച്ച് ഇറങ്ങിത്തിരിച്ച ചിത്രമാണ് ദൈവവചനം നമ്മെ കാണിച്ചു തരുന്നത്. യേശുവിന്റെ ശിഷ്യന്മാർക്കും പൗലോസിനും മറ്റും തങ്ങളുടെ ജീവൻ വരെ കൊടുക്കേണ്ടി വന്നു.

പ്രേഷിത പ്രവർത്തനങ്ങൾ സഭയുടെ ഉത്തരവാദിത്വം എങ്കിൽ അവരെ സൗജന്യമായി പരിശീലിപ്പിക്കേണ്ടതും സഭ തന്നെ. ബൈബിൾ സെമിനാരികളിലെ പരിശീലനത്തിന്റെ ഫീസ് കൊടുക്കേണ്ടതും സഭ തന്നെ. ഉയർന്ന ഫീസ് കൊടുത്ത് പഠിച്ചു കഴിഞ്ഞ് ഉയർന്ന വരുമാനം പ്രതീക്ഷിച്ചാൽ അവരെ കുറ്റപ്പെടുത്താനാകുമോ ? ഉയർന്ന വരുമാനം ഉറപ്പല്ലെങ്കിൽ ആരെങ്കിലും ഭീമമായ ഫീസ് കൊടുത്ത് പഠിക്കുമോ ? പരിശീലനം സൗജന്യമാകുമ്പോൾ പലരും കാര്യമില്ലാതെ കടന്നു വരും എന്നായിരിക്കും നമ്മുടെ പരാതി. യോഗ്യതയും നല്ല സാക്ഷ്യവും പരിഗണിച്ച് സഭയാണല്ലോ അവരെ തിരഞ്ഞെടുക്കേണ്ടത്.അപ്പോൾ പിന്നെ അനർഹർ കടന്നു വരില്ലല്ലോ.

ദ്രവ്യാഗ്രഹം സകല വിധ ദോഷത്തിനും കാരണമായത് കൊണ്ടും പലരും അതിനാൽ വിശ്വാസം ത്യജിച്ച് അലഞ്ഞ് പലവിധ കഷ്ടങ്ങളും വരുത്തി വെയ്ക്കുന്നത് കൊണ്ടും, അത് വിട്ടോടി നിത്യജീവനെ മുറുകെ പിടിച്ചു കൊള്ളാൻ പൗലോസ് തിമൊഥെയോസിനോട് ആജ്ഞാപിക്കുന്നുണ്ട്. നാം ബോധപൂർവ്വം മറക്കാൻ ശ്രമിക്കുന്ന ഒന്നാണല്ലോ, ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കില്ല എന്നുള്ള യേശുവിന്റെ ഉപദേശം. *സമ്പത്ത് വർദ്ധിച്ചാൽ അതിൽ മനസ്സ് വെക്കരുത്* (സങ്കീ.62:10). ദൈവം അബ്രഹാമിനെ അനുഗ്രഹിച്ചത് താൻ മറ്റുള്ളവർക്ക് ഒരു അനുഗ്രഹം ആകുവാൻ വേണ്ടിയാണ്. ദൈവം ഇന്ന് നമ്മെപ്പറ്റിയും ഇത് തന്നെയാണ് ആഗ്രഹിക്കുന്നത്.

നാം പോകുന്നത് നമുക്ക് വേണ്ടിയോ, കർത്താവിന് വേണ്ടിയോ ? കർത്താവിന് വേണ്ടിയാണെങ്കിൽ അത് കൊണ്ട് ദൈവരാജ്യം കൂടുതലായി വ്യാപിക്കണം. വേല കർത്താവിന്റെയാണ്. അയച്ചവന്റെ പ്രവൃത്തി പകലുള്ളടത്തോളം ചെയ്യുക മാത്രമാകണം നമ്മുടെ ലക്ഷ്യം. *ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ, ചെയ്യേണ്ടതെ ചെയ്തിട്ടുള്ളു എന്ന് നിങ്ങളും പറവിൻ.*

****************************************